വിഴിഞ്ഞത്തെ മൽസ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ നിർമ്മിച്ച വീടുകൾ

473. [587] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞത്തെ മൽസ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ നിർമ്മിച്ച വീടുകളിൽ പ്രധാന മന്ത്രിയുടെ സന്ദർശനസമയത്ത് ഉണ്ടായ നിർദ്ദേശ പ്രകാരം എത്ര വീടുകൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ബി) അപ്രകാരം വിതരണം ചെയ്തിട്ടില്ലെങ്കിൽ, കാരണമെന്ത് ;

(സി) എത്ര കാലത്തിനകം അവ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 105 വീടുകൾ മൽസ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ 180 വീടുകൾ അലോട്ടുചെയ്തിട്ടുണ്ട്.

(ബി യും സി യും) ചോദ്യം ഉദിക്കുന്നില്ല.

കളമ്പൂർ മൽസ്യത്തൊഴിലാളി കോളനി വൈദ്യുതീകരിക്കാൻ നടപടി

474. [588] ശ്രീ. ബെന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം പഞ്ചായത്തിലെ കളമ്പൂർ മൽസ്യത്തൊഴിലാളി കോളനി വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ യും ബി യും) മൽസ്യത്തൊഴിലാളി കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഫിഷറീസ് വകുപ്പിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

മൽസ്യത്തൊഴിലാളികളെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ നടപടി

475. [589] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മൽസ്യത്തൊഴിലാളികളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

തൊഴിലിന്റെ അടിസ്ഥാനത്തിലല്ല ഒരു ജനവിഭാഗത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്; മറിച്ച് പരമ്പരാഗതമായ അയിത്താചരണത്തിൽ നിന്നുളവായ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ

LIBRARY ARCHIVES Kerala Legislative Assembly